# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29.06.2024**

### പ്രധാനവാർത്തകൾ

1. **UGC-NET** പരീക്ഷയുടെ പുതുക്കിയ തീയതികൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രഖ്യാപിച്ചു.

2. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' നാളെ.

3. നാലുവർഷ ബിരുദം ആരംഭിക്കുന്ന സർക്കാർ, എയ്ഡഡ് കോളേജുകളിലെ അനുവദിക്കപ്പെട്ട മുഴുവൻ അധ്യാപക തസ്തികകളും നിലനിർത്താൻ തീരുമാനം.

4. ഗോത്ര മേഖലയിലെ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി ഒ ആർ കേളു നിർദ്ദേശം നൽകി.

5. ഓണത്തിന് മുമ്പ് സംസ്ഥാനത്ത് 1000 കെ സ്റ്റോറുകൾ തുടങ്ങുമെന്ന് മന്ത്രി ജി ആർ അനിൽ.

6. ട്വൻറി- 20 ലോകകപ്പ് ഫൈനലിൽ ഇന്ത്യ- ദക്ഷിണാഫ്രിക്ക പോരാട്ടം രാത്രി എട്ട് മണിക്ക്.

**************************************

## എൻ ടി എ – നെറ്റ്

UGC-NET പരീക്ഷയുടെ പുതുക്കിയ തീയതി നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രഖ്യാപിച്ചു. ഓഗസ്റ്റ് 21നും സെപ്റ്റംബർ 4 നും ഇടയിലായിരിക്കും പരീക്ഷ നടക്കുന്നത്. ഈ മാസം 18-ന് നടന്ന പരീക്ഷയാണ് വിദ്യാഭ്യാസ മന്ത്രാലയം റദ്ദാക്കിയത്. ജോയിന്റ് CSIR-UGC-NET പരീക്ഷ ജൂലൈ 25 മുതൽ 27 വരെയാണ് നിശ്ചയിച്ചിരിക്കുന്നത്. നാല് വർഷത്തെ Integrated Teacher Education Programme -ലേക്കുള്ള പ്രവേശന പരീക്ഷ ജൂലൈ 10 ന് നടക്കും.

************************************

## സൈനികർ വീരമൃത്യു

ലഡാക്കിൽ സൈനിക പരിശീലനത്തിനിടെ ടാങ്ക് ഒഴുക്കിൽപ്പെട്ട് അഞ്ച് സൈനികർ വീരമൃത്യു വരിച്ചു. നിയന്ത്രണരേഖയ്ക്ക് സമീപമുള്ള ദൗലത്ത് ബേഗ് ഓൾഡെ പ്രദേശത്താണ് അപകടമുണ്ടായത്. സൈനിക അഭ്യാസത്തിന്റെ ഭാഗമായി അരുവി മുറിച്ചുകടക്കുന്നതിനിടെ മിന്നൽ പ്രളയമുണ്ടാവുകയായിരുന്നു. മേഘവിസ്ഫോടനത്തിന്റെ ഫലമായി പെട്ടെന്ന് വെള്ളപ്പൊക്കമുണ്ടായെന്നാണ് പ്രാഥമിക നിഗമനം. അപകടത്തിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് അതീവ ദുഖം രേഖപ്പെടുത്തി.

RNU TVPM

************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്'

നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 111-ാാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലയിലും എ ഐ ആർ ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും മൻ കീ ബാത്ത് ലഭ്യമാകും. പ്രാദേശിക ഭാഷകളിലും പരിപാടി കേൾക്കാവുന്നതാണ്.

**************************************

## ക്വിസ് - മൻ കി ബാത്ത്

മൻ കി ബാത്തിനെ അടിസ്ഥാനമാക്കി ഹൈസ്കൂൾ, ഹയർ സെക്കന്ററി, കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന പ്രശ്നോത്തരിയുടെ പ്രാഥമികതല മത്സരങ്ങൾ അടുത്ത മാസം 15 നുള്ളിൽ നടക്കും. നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മത്സരത്തിൽ വിജയിക്കുന്ന കുട്ടികൾക്ക് ഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും.

RNU TVPM

**************************************

## നാലുവർഷ ബിരുദം

നാലുവർഷ ബിരുദം ആരംഭിക്കുന്ന സർക്കാർ, എയ്ഡഡ് കോളേജുകളിലെ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ അധ്യാപക തസ്തികകളും നിലനിർത്തും. ധനകാര്യ മന്ത്രി കെ എൻ ബാലഗോപാലും ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദുവും തമ്മിൽ നടന്ന ചർച്ചയിലാണ് തീരുമാനം. തിങ്കളാഴ്ച ആരംഭിക്കുന്ന ആദ്യബാച്ചിന്റെ പഠനം പൂർത്തിയാകുന്നതുവരെ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള സേവന വ്യവസ്ഥകളും തസ്തികകളും തൽസ്ഥിതി നിലനിർത്തി തുടരാനാണ് തീരുമാനം. മേജർ, മൈനർ,

ഫൗണ്ടേഷൻ കോഴ്സുകൾക്കായി ഗസ്റ്റ് അധ്യാപക സേവനം ഉറപ്പാക്കാനും ചർച്ചയിൽ ധാരണയായി.

************************************

## പത്തനംതിട്ട - ഇൻട്രോ

പത്തനംതിട്ട ജില്ലയിൽ മഴ കുറഞ്ഞിട്ടും അപ്പർകുട്ടനാടിന് ദുരിതം ഒഴിയുന്നില്ല. വെള്ളക്കെട്ട് മാറാത്തതിനാൽ പല റോഡുകളിലും ഗതാഗതം പുനഃസ്ഥാപിക്കാൻ വൈകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ...**

(വോയ്സ്)

RNU TVPM

************************************

## കെ സ്റ്റോർ - ജി. ആർ അനിൽ

ഓണത്തിന് മുമ്പ് സംസ്ഥാനത്ത് 1000 കെ സ്റ്റോറുകൾ ആരംഭിക്കുമെന്ന് മന്ത്രി ജി ആർ അനിൽ. കെ സ്റ്റോറുകളുടെ പ്രവർത്തനം കേരളത്തിലെ പൊതുവിതരണ മേഖലയ്ക്ക് പുതുജീവൻ നൽകിയെന്നും മന്ത്രി പറഞ്ഞു. കെ സ്റ്റോറുകളുടെ കോഴിക്കോട് മേഖലാ തല അവലോകന യോഗവും ഫയൽ അദാലത്തും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. റേഷൻ വ്യാപാര മേഖലയിലെ പ്രശ്നങ്ങൾക്കും വ്യാപാരികളുടെ ആവശ്യങ്ങൾക്കും പരിഹാരം കാണുന്നതിന് മുന്തിയ പരിഗണന നൽകുമെന്നും മന്ത്രി പറഞ്ഞു.

************************************

## ഒ.ആർ കേളു

വയനാട് ജില്ലയിൽ ഗോത്ര മേഖലയിലെ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി ഒ. ആർ കേളു പട്ടികവർഗ്ഗ-വിദ്യാഭ്യാസ വകുപ്പുകൾക്ക് നിർദ്ദേശം നൽകി. വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് ജില്ലാ വികസന സമിതി യോഗത്തിൽ ആശങ്ക രേഖപ്പെടുത്തിയ സാഹചര്യത്തിലാണ് മന്ത്രിയുടെ നിർദ്ദേശം. ഗോത്ര സങ്കേതങ്ങളിൽ പ്രമോട്ടർമാരുടെ നിരന്തര നിരീക്ഷണം ആവശ്യമാണ്. വിദ്യാർഥികൾക്ക് എഴുത്തും വായനയും അറിയാമെന്ന കാര്യം ഉറപ്പാക്കി ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

RNU TVPM

************************************

## ലോകകപ്പ് ട്വന്റി-20

ഒമ്പതാമത് പുരുഷ ട്വന്റി- 20 ലോകകപ്പിന്റെ ഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും. ബാർബഡോസിലെ കെൻസിങ്ടൺ ഓവൽ മൈതാനത്ത് ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ആദ്യ ക്രിക്കറ്റ് ലോകകപ്പ് കിരീടം എന്ന നേട്ടം സ്വന്തമാക്കാൻ ലക്ഷ്യമിട്ടാണ് ദക്ഷിണാഫ്രിക്ക ഫൈനലിന് ഇറങ്ങുന്നത്. 2011 ഏകദിന ലോകകപ്പിനു ശേഷം ഒരു ലോക കിരീടം എന്ന സ്വപ്നം യാഥാർഥ്യമാക്കുകയാണ് ഇന്ത്യയുടെ ലക്ഷ്യം.

************************************

## അധ്യാപക ബാങ്ക് - വി. ശിവൻകുട്ടി

വിരമിച്ച അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താൻ അധ്യാപക ബാങ്ക് ഉണ്ടാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. സേവന തൽപരരായ വിരമിച്ച അധ്യാപകർക്ക് അധ്യാപക ബാങ്കിന്റെ ഭാഗമാകാമെന്നും അവരുടെ അനുഭവസമ്പത്തും വിജ്ഞാനവും പ്രയോജനപ്പെടുത്തുകയാണ് വിദ്യാഭ്യാസ വകുപ്പിൻറെ നിലപാടെന്നും അദ്ദേഹം പറഞ്ഞു. സർവീസിൽ നിന്ന് വിരമിച്ച അധ്യാപകരുടെ യോഗം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

***********************************

## വൈദ്യുതി ബിൽ

അക്ഷയ കേന്ദ്രം, ഫ്രണ്ട്സ് ഇവ വഴി വൈദ്യുതി ബിൽ തുക സ്വീകരിക്കുന്നത് കെ എസ് ഇ ബി നിർത്തലാക്കി. വൈദ്യുതിബിൽ തുക കെ എസ് ഇ ബിയുടെ അക്കൗണ്ടിലെത്താൻ കാലതാമസമുണ്ടാകുന്നതു കാരണം ഉപഭോക്താക്കൾ നേരിട്ടുവന്ന ബുദ്ധിമുട്ടുകളും അതു സംബന്ധിച്ച പരാതികളും കണക്കിലെടുത്തതാണ് നടപടി.

RNU TVPM

***********************************

## ഇടുക്കി - ഇൻട്രോ

ഇടുക്കിയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനം. പൈനാവിൽ ചേർന്ന ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എക്സിക്യൂട്ടീവ് യോഗത്തിലാണ് തീരുമാനം.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

************************************

## കാലാവസ്ഥ

സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ലക്ഷദ്വീപ് - കർണ്ണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. കേരള തീരത്ത് മത്സ്യബന്ധനത്തിന് തടസ്സമില്ല. കേരള, തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ട്.

************************************

BINU TVPM

## ധാരണാപത്രം ഒപ്പുവെച്ചു

സ്റ്റാർട്ടപ്പുകളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമിയും കേരളാ സ്പേസ് പാർക്കും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. ഡ്രോൺ ടെക്നോളജി, റോബോട്ടിക്സ്, ഐ ഒ ടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെ നൂതന സാങ്കേതികവിദ്യകളിൽ ഇരു സ്ഥാപനങ്ങളും ചേർന്ന് പ്രവർത്തിക്കും. ടെക്നോപാർക്കിലെ സി- ഡാക് ആംഫി തിയേറ്ററിൽ നടന്ന ചടങ്ങിൽ മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ സാന്നിധ്യത്തിൽ ഇതു സംബന്ധിച്ച ധാരണാപത്രം കൈമാറി.

************************************

## കേന്ദ്ര ജല കമ്മീഷൻ

തിരുവനന്തപുരം കരമന നദിയിലെ വെള്ളൈക്കടവ് സ്റ്റേഷൻ പരിധിയിൽ കേന്ദ്ര ജല കമ്മീഷൻ ഇന്ന് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

************************************

## വന്യമൃഗ ശല്യം - വയനാട്

വന്യമൃഗങ്ങൾ നാട്ടിൽ ഇറങ്ങുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ നൽകുന്നതിൽ വീഴ്ച വരുത്തരുതെന്ന് വയനാട് ജില്ലാ കളക്ടർ. വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങിയാൽ പൊതുജനങ്ങൾക്ക് കൃത്യമായി വിവരം നൽകണം. ഉച്ചഭാഷിണി, പോലീസ്-ഫോറസ്റ്റ് സംവിധാനങ്ങൾ, പ്രാദേശിക വാർത്ത ചാനലുകൾ തുടങ്ങിയ സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

RNU TVPM

************************************

## റേഷൻ - വിതരണം

സംസ്ഥാനത്ത് ജൂൺ മാസത്തെ റേഷൻ വിതരണം ജൂലൈ അഞ്ചു വരെ നീട്ടി. ജൂലൈ മാസത്തെ റേഷൻ വിതരണം എട്ടാം തീയതി മുതലാകും ആരംഭിക്കുക. സ്റ്റോക്ക് തിട്ടപ്പെടുത്തുന്നതിന് റേഷൻ വ്യാപാരികൾക്ക് അനുവദിച്ചിട്ടുള്ള അവധി ജൂലൈ ഒന്നിന് പകരം ആറിന് നൽകും.

******************************************************

************************************

**********************